# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 15.04.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ആവേശകരമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി തിരുവനന്തപുരത്തും, തൃശൂരിലും NDA പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു.

   LS poll campaign gains momentum in Kerala. PM and Senior BJP leader Narendra Modi addressed NDA rallies in Thiruvananthapuram and Thrissur.

2. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ പ്രചാരണം വയനാട്, കോഴിക്കോട് ജില്ലകളിൽ. മുഖ്യമന്ത്രി പിണറായി വിജയൻ തൃശൂരിൽ എൽഡിഎഫ് പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്തു.

   Senior Congress Leader Rahul Gandhi attended UDF poll campaigns in Wayanad and Calicut. Kerala CM and senior CPI(M) leader Pinarayi Vijayan addressed LDF rallies in Thrissur.

3. മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമുള്ള പോസ്റ്റൽ ബാലറ്റ് വോട്ടിങ് കുറ്റമറ്റ രീതിയിൽ നടത്താൻ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.

   Chief Electoral Officer of Kerala Sanjay Koul directed to ensure all facilities for home voting for the elderly and Persons with Disabilities across the state.

4. മദ്യനയ അഴിമതിക്കേസുമായി ബന്ധപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻറെ ഹർജിയിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിന് നോട്ടീസ് അയച്ച് സുപ്രീംകോടതി.

Supreme Court today issued a notice to the Enforcement Directorate (ED) on Delhi CM Arvind Kejriwal's petition.

5. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു - സൺറേസേഴ്സ് ഹൈദരാബാദ് പോരാട്ടം.**

In IPL, Royal Challengers Bengaluru clashes with Sunrisers Hyderabad.

************************************

**PM – KERALA**

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ആവേശകരമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് തിരുവനന്തപുരത്തും, തൃശൂരിലും എൻഡിഎ പ്രചാരണ യോഗങ്ങളെ അഭിസംബോധന ചെയ്തു. മൂന്നാം തവണയും അധികാരത്തിലെത്തിയാൽ കേരളത്തിൽ വലിയ വികസന പദ്ധതികൾ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടന്ന പൊതുയോഗത്തിൽ പറഞ്ഞു. ബിജെപിയുടെ പ്രകടന പത്രിക എന്നാൽ മോദിയുടെ ഗ്യാരന്റിയാണെന്ന് പറഞ്ഞ പ്രധാനമന്ത്രി ദക്ഷിണേന്ത്യയിൽ ബുള്ളറ്റ് ട്രെയിൻ കൊണ്ടുവരുമെന്നും ഇതിനുള്ള സർവ്വേ നടപടികൾ പുതിയ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആരംഭിക്കുമെന്നും അറിയിച്ചു. തൃശൂർ കുന്നംകുളത്ത് എൻഡിഎ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയെ അഭിസംബോധന ചെയ്ത ശേഷമാണ് അദ്ദേഹം കാട്ടാക്കടയിൽ എത്തിയത്. അഴിമതിക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കിയ അദ്ദേഹം കരുവന്നൂർ വിഷയം ഉൾപ്പെടെ ഉയർത്തി സി.പി.ഐ.എമ്മിനെ വിമർശിച്ചു. കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ വഞ്ചിതരായവർക്ക് പണം തിരികെ നൽകാൻ ഏതറ്റം വരെയും പോകുമെന്ന് ഉറപ്പു നൽകുന്നതായും അദ്ദേഹം പറഞ്ഞു. വിവിധ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർത്ഥികളും പ്രധാനമന്ത്രിക്കൊപ്പം പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു.

************************************

## RAHUL GADHI – WAYANADU

കോഴിക്കോട് കടപ്പുറത്ത് നടക്കുന്ന യു.ഡി.എഫ് റാലിയിലും പൊതുസമ്മേളനത്തിലും മുതിർന്ന കോൺഗ്രസ് നേതാവും വയനാട് ലോക്സഭ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർഥിയുമായ രാഹുൽ ഗാന്ധി അൽപസമയത്തിനകം പങ്കെടുക്കും. രമേശ് ചെന്നിത്തല, കുഞ്ഞാലിക്കുട്ടി തുടങ്ങി മുതിർന്ന കോൺഗ്രസ്, മുസ്ലിംലീഗ് നേതാക്കൾ റാലിയിൽ പങ്കെടുക്കുന്നുണ്ട്. വയനാട്ടിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ രാഹുൽഗാന്ധി ഇന്ന് ബത്തേരി, മാനന്തവാടി, വെള്ളമുണ്ട, പടിഞ്ഞാറത്തറ എന്നിവിടങ്ങളിൽ റോഡ്ഷോയിൽ പങ്കെടുത്തിരുന്നു. പരസ്പര ബഹുമാനമാണ് രാഷ്ട്രീയത്തിന്റെ അടിസ്ഥാനമെന്ന് രാഹുൽ ഗാന്ധി പറഞ്ഞു .

************************************

## CM – KERALA

മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയൻ ഇന്ന് തൃശൂരിൽ എൽഡിഎഫ് തിരഞ്ഞെടുപ്പ് പ്രചാരണയോഗങ്ങളിൽ പങ്കെടുത്തു. ഇരിങ്ങാലക്കുടയിലും തൃശൂരിലും ഗുരുവായൂരും നടക്കുന്ന പൊതുയോഗങ്ങളിലാണ് മുഖ്യമന്ത്രി പങ്കെടുക്കുന്നത്. ബിജെപിയ്ക്കും, എൻഡിഎ സർക്കാരിനുമെതിരെ രൂക്ഷവിമർശനമാണ് മുഖ്യമന്ത്രി ഉന്നയിച്ചത്. ഇടതു മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ പ്രകാശ് കാരാട്ട്, ബൃന്ദ കാരാട്ട്, സുഭാഷിണി അലി തുടങ്ങിയ സിപിഐഎം ദേശീയ നേതാക്കളും ഇന്ന് പങ്കെടുത്തു. സിപിഐ ദേശീയ ജനറൽ സെക്രട്ടറി ഡി. രാജ ഇന്ന് തിരുവനന്തപുരം മണ്ഡലത്തിൽ എൽഡിഎഫ് പ്രചാരണ യോഗത്തിൽ പങ്കെടുത്തു.

***********************************

## ECI- HIGHEST EVER SEIZURES OF INDUCEMENTS

വോട്ടർമാരെ സ്വാധീനിക്കുന്നതിനുള്ള പണം ഉൾപ്പടെയുള്ള സാധന സാമഗ്രികൾ പിടിച്ചെടുക്കുന്നതിൽ ചരിത്ര നേട്ടവുമായി തിരഞ്ഞെടുപ്പു കമ്മീഷൻ. എൻഫോഴ്സ്മന്റ് അധികൃതർ ഇതുവരെ 4,650 കോടി രൂപ മൂല്യം വരുന്ന പണം ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ പിടിച്ചെടുത്തതതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. 3,475 കോടിയുടെ പിടിച്ചെടുക്കലാണ് 2019-ലെ പൊതുതിരഞ്ഞെടുപ്പ് കാലത്ത് നടന്നത്. ഇത്തവണ പിടിച്ചെടുത്തവയിൽ 45 ശതമാനം മയക്കുമരുന്നുകളാണ്.

***********************************

## SANJAY KOWL

മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമുള്ള പോസ്റ്റൽ ബാലറ്റ് വോട്ടിങ് കുറ്റമറ്റ രീതിയിൽ നടത്താൻ ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ . കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളിലെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കണ്ണൂരിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പോസ്റ്റൽ ബാലറ്റിനു അപേക്ഷിച്ച അർഹതപ്പെട്ട എല്ലാവരെയും വിവരം അറിയിക്കണം. വോട്ട് ചെയ്യിക്കാൻ ടീം വീട്ടിൽ എത്തുന്ന സമയം മുൻകൂട്ടി അവരെ അറിയിക്കണം. പോസ്റ്റൽ ബാലറ്റ് വോട്ടിങ് സംബന്ധിച്ച കണക്കുകളും കൃത്യമാണെന്ന് ഉറപ്പാക്കണമെന്ന് ശ്രീ സഞ്ജയ് കൗൾ നിർദ്ദേശിച്ചു. വോട്ട് ചെയ്യാനെത്തുന്ന വോട്ടർക്കു പോളിങ് ബൂത്തിൽ അവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ഇക്കാര്യം പരമാവധി ജനങ്ങളിൽ എത്തിക്കുകയും വേണം. പോളിങ് ദിവസം കടുത്ത ചൂട് ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ എല്ലാ ബൂത്തുകളിലും വെയിൽ കൊള്ളാതെ വരി

നിൽക്കാൻ കഴിയുന്ന സൗകര്യം ഒരുക്കണമെന്നും അദ്ദേഹം പറഞ്ഞു.

***********************************

## VOTE IN HOUSE

കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പിൽ 85 വയസ് പിന്നിട്ട മുതിർന്ന വോട്ടർമാർക്കും ഭിന്നശേഷി വിഭാഗത്തിൽ പ്പെട്ടവർക്കും വീട്ടിലെത്തി വോട്ട് രേഖപ്പെടുത്തുന്ന നടപടിയ്ക്ക് തുടക്കമായി . അസന്നിഹിത വോട്ടർ വിഭാഗത്തിൽ പെടുത്തിയാണ് ഇവർക്ക് വീട്ടിൽ തന്നെ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തെരഞ്ഞെടുപ്പു കമ്മിഷൻ ഒരുക്കിയിരിക്കുന്നത്. ആദ്യഘട്ടം ഇന്നുമുതൽ ഏപ്രിൽ 19 വരെയാണ്. അർഹരായ വോട്ടർമാരുടെ വീടുകളിൽ പ്രത്യേക പോളിങ് സംഘങ്ങളെത്തിയാണ് വോട്ട് രേഖപ്പെടുത്തുക. ഒന്നാംഘട്ടത്തിൽ വോട്ട് ചെയ്യാൻ സാധിക്കാത്തവർക്ക് ഏപ്രിൽ 20 മുതൽ ഏപ്രിൽ 24 വരെ രണ്ടാംഘട്ടത്തിൽ അവസരമുണ്ട്. ഈ രണ്ടുഘട്ടത്തിലും വോട്ടു ചെയ്യാൻ സാധിക്കാത്തവരുടെ വീടുകളിൽ 25- ന് പോളിങ് സംഘം വീണ്ടും സന്ദർശിക്കും

***********************************

## SC- KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ഇഡി നടപടിക്കെതിരായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻറെ ഹർജിയിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിന് നോട്ടീസ് അയച്ച് സുപ്രീംകോടതി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും, ദീപാങ്കർ ദത്തയും ഉൾപ്പെട്ട ബഞ്ചാണ് കേസ് പരിഗണിച്ചത്. ഇഡി മറുപടി ലഭിക്കാതെ ഇടക്കാല ജാമ്യാവശ്യം പരിഗണിക്കാനാവില്ലെന്നും കോടതി പറഞ്ഞു. കേസ് ഈ മാസം 29 ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും. അതേ സമയം അരവിന്ദ് കെജ്രിവാളിൻറെ ജുഡീഷ്യൽ കസ്റ്റഡി ഡൽഹി റോസ് അവന്യൂ കോടതി ഈ മാസം 23 വരെ

നീട്ടി. കേസിൽ അറസ്റ്റിലായ കെ കവിതയുടെ കസ്റ്റഡിയും കോടതി 23 വരെ നീട്ടിയിട്ടുണ്ട്. നിലവിൽ തിഹാർ ജയിലിലാണ് അരവിന്ദ് കെജ്രിവാൾ. മാർച്ച് 21 നാണ് അദ്ദേഹത്തെ ഇ.ഡി അറസ്റ്റ് ചെയ്യുന്നത്.

*************************************

**THRISSUR POORAM – HIGHCOURT**

തൃശൂർ പൂരത്തിന് എഴുന്നള്ളിക്കുന്ന ആനകളുടെ മുന്നിൽ ആറ് മീറ്റർ ദൂരം ഒഴിച്ചിടണമെന്നും, ഈ പരിധിയിൽ താളമേളങ്ങളും, തീവെട്ടിയുമടക്കം പാടില്ലെന്നും കേരളാ ഹൈക്കോടതി. കുടമാറ്റത്തെ ബാധിക്കാത്ത രീതിയിലായിരിക്കും നിയന്ത്രണങ്ങളെന്നും കോടതി വ്യക്തമാക്കി. തൃശ്ശൂർ പൂരത്തിന് തെച്ചിക്കോട്ട്കാവ് രാമചന്ദ്രനെ എഴുന്നള്ളിപ്പിക്കുന്നതിൻറെ ഉത്തരവാദിത്വം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഏറ്റെടുക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

*************************************

**KOLLAM POORAM**

പ്രസിദ്ധമായ കൊല്ലം പൂരം ആശ്രാമം മൈതാനത്ത് പുരോഗമിക്കുന്നു. പൂരത്തിൻറെ ഉദ്ഘാടനം മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിച്ചു. മതേതരമായ സംഗമമാണ് കൊല്ലം പൂരമെന്ന് മന്ത്രി പറഞ്ഞു. താമരക്കുളം മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മുഖാമുഖം നിന്നുള്ള കുടമാറ്റത്തിൽ ഇരുഭാഗത്തും 11 ആനകൾ വീതമാണ് അണിനിരക്കുന്നത്.

*************************************

**VEENA GEORGE**

കേരളത്തിൽ ഇടവിട്ടുള്ള മഴ കാരണം ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾ വർധിക്കാൻ സാധ്യത ഉണ്ടെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി,

ചിക്കുൻഗുനിയ, മലേറിയ, ഫൈലേറിയസിസ്, സിക്ക തുടങ്ങിയ ഗുരുതര രോഗങ്ങൾ കൊതുക് വഴി പടരാൻ സാധ്യതയുണ്ട്. അതിനാൽ കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. വീടിനകത്തും പുറത്തും വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കരുതെന്നും മന്ത്രി പറഞ്ഞു. കൊതുകുകടി ഏൽക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

**********************************

## KANNUR (INTRO)

അവധിക്കാലം ആഘോഷിക്കാനായി 9 സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തുന്നവരുടെ എണ്ണം കൂടിവരുന്നു. വേനൽചൂടിൽ നിന്ന് ആശ്വാസം തേടി വൈകുന്നേരങ്ങളിൽ സഞ്ചാരികൾ കൂട്ടത്തോടെ ബീച്ചുകളെ ആശ്രയിക്കുന്ന പ്രവണതയും കൂടി വരികയാണ്.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.**

**(വോയ്സ്)**

**********************************

## MILITARY-DUSTLIK

ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ സംയുക്ത സൈനികാഭ്യാസമായ 'ഡസ്‌ലിക്കിന്റെ' അഞ്ചാം പതിപ്പിൽ പങ്കെടുക്കാനായി ഇന്ത്യൻ കരസേനാ സംഘം പുറപ്പെട്ടു. ഈ മാസം 28 വരെ ഉസ്ബെക്കിസ്ഥാനിലെ ടെർമെസിലാണ് സൈനിക അഭ്യാസം നടക്കുന്നത്. ഇന്ത്യൻ സായുധ സേനയിലെ 60 അംഗങ്ങളും, ഉസ്ബെക്കിസ്ഥാനിൽ നിന്ന് 100 പേരും പരിപാടിയിൽ പങ്കെടുക്കും.

**********************************

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു - സൺറേസേഴ്സ് ഹൈദരാബാദ് പോരാട്ടം . ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കുന്ന കളിയിൽ ടോസ് നേടിയ ബംഗളൂരു ഹൈദരാബാദിനെ ബാറ്റിങ്ങിനയച്ചു. അഞ്ചു കളികളിൽനിന്ന് ആറ് പോയിൻറുമായി പട്ടികയിൽ നാലാം സ്ഥാനത്താണ് ഹൈദരാബാദ്; ബംഗളൂരു പത്താം സ്ഥാനത്തും.

************************************

**ISL**

ഐ.എസ്.എൽ ഫുട്ബോളിൽ ATK മോഹൻ ബഗാൻ, മുംബൈ സിറ്റിയെ നേരിടുന്നു. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ മുംബൈ ഒന്നാം സ്ഥാനത്തും മോഹൻ ബഗാൻ മൂന്നാം സ്ഥാനത്തുമാണ്. ഈ മാസം 19 മുതൽ പ്ലേ ഓഫ് എലിമിനേറ്റർ മത്സരം ആരംഭിക്കും.

************************************

**SENSEX**

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരിസൂചിക സെൻസെക്സ് 845 പോയിൻറ് ഇടിഞ്ഞ് 73,400 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 247 പോയിൻറ് താഴ്ന്ന് 22,273 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണവില ഉയർന്നു . പവന് 440 രൂപ വർദ്ധിച്ച് 53,640 രൂപയും ഗ്രാമിന് 6,705 രൂപയുമാണ് ഇന്ന് വില.

************************************

********************

**********